മിസ്റ്റർ കെ. എം. ഇബ്രാഹിം: ഈ വൃക്ഷനികുതി ഗവമ്മെണ്ടിലേക്കു കിട്ടുന്നതൊ ഷാപ്പിലേക്കു കിട്ടുന്നതൊ?

മിസ്റ്റർ സി. ജെ. മാത്യു: വൃക്ഷനികുതിയെപ്പറ്റിയല്ല ചോദ്യം.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ചോദ്യം (ബി) പ്രസ്തുത ഷാപ്പുകളിലേക്കു വൃക്ഷനികുതിവകയായി ആദ്യത്തെ അർദ്ധവർഷത്തിൽ ആകെ എത്ര ഉറപ്പിക കിട്ടിയിട്ടുണ്ടു്? ഞാൻ ചോദിക്കുന്നതു് ഈ വൃക്ഷനികുതി കിട്ടുന്നതു് ഗവമ്മെണ്ടിനുള്ളതൊ ഷാപ്പിനുള്ളതൊ എന്നാണു്.

മിസ്റ്റർ സി. ജെ. മാത്യു: ഗവമ്മെണ്ടിനുള്ളതാണു്.

EXCISE SUB-INSPECTORS—APPOINTMENT OF

138. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മിസ്റ്റർ പറമ്പി ലോനപ്പൻ എക്സൈസ്സു് കമ്മീഷണരായി നിയമിതനായതു് എന്നാണു്;

(ബി) അദ്ദേഹം കമ്മീഷണരായതിനുശേഷം ഡിപ്പാർട്ടുമെണ്ടിൽനിന്നു എത്ര പേരെ സബ്ബു്ഇൻസ്പെക്ടർമാരായി പ്രമോട്ടു ചെയ്തിട്ടുണ്ടു്;

(സി) അവർ ആരെല്ലാമാണെന്നും ഏതേതു സമുദായത്തിൽ പെട്ടവരാണെന്നും ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ എന്തെല്ലാമെന്നും ഓരോരുത്തരുടേയും ആകെ സർവ്വീസ്സു് എത്ര കൊല്ലം വീതമാണെന്നും പറയാമോ;

(ഡി) സബ്ബു്ഇൻസ്പെക്ടർമാരായി പ്രമോട്ടു ചെയ്യപ്പെട്ട ഈ ആഫീസർമാരേക്കാൾ കൂടുതൽ സർവ്വീസുള്ളവരും ഇവരെപ്പോലെയൊ കൂടുതലൊ പരീക്ഷായോഗ്യതയുള്ളവരും ഇപ്പോൾ സർവ്വീസിലുള്ളവരിൽ ആരെങ്കിലുമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്നും, ഏതേതു് സമുദായത്തിൽ പെട്ടവരാണെന്നും അവർ ഓരോരുത്തരുടേയും ആകെ സർവ്വീസ്, പരീക്ഷായോഗ്യത ഇവകൾ എന്തെല്ലാമാണെന്നും പറയാമോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ൨൦—൪—൧൯൪൨-ൽ.

(ബി) ആകെ ഒമ്പതു പേരെ.

(സി) അനുബന്ധം നോക്കുക. *(Appendix I)*

(ഡി) ഉണ്ടു്.

(ഇ) അനുബന്ധം നോക്കുക. *(Appendix II)*

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, ഈ അനുബന്ധം രണ്ടാമത്തേതിൽ.....

മിസ്റ്റർ സി. ജെ. മാത്യു: അതിൽ ഒരു തെറ്റു് വന്നിട്ടുണ്ടു്. 'വാവണ്ണി' എന്നല്ല 'രാവുണ്ണി' എന്നാണു് പേരു്.

PALMYRA TREES—TAPPING OF

139. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) എക്സൈസ് വടക്കെ സർക്കിളിൽപെട്ട ചിറ്റൂർ നെന്മാറ ഈ റെയിഞ്ചുകളിൽ മുദ്രവെയ്ക്കാത്ത പനകൾ പുളിങ്കള്ളാവശ്യത്തിലേക്കു ഷാപ്പുലേലക്കാർ ചെത്തിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേല്പറഞ്ഞ ഓരോ റെയിഞ്ചിൽ എത്ര പനകൾ വീതം ഇങ്ങിനെ ചെത്തിവരുന്നുണ്ടു്;

(സി) തലപ്പിള്ളി താലൂക്കിലും ഇതുപോലെ മുദ്രവെയ്ക്കാത്ത പനകളും തെങ്ങുകളും ചെത്തിച്ചുവരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ റെയിഞ്ചിൽ എത്ര പനയും തെങ്ങും വീതമുണ്ടു്;

(ഇ) ഇങ്ങിനെ ചെത്തിച്ചുവരുന്നതു് വടക്കെ സർക്കിൾ ഇൻസ്പെക്ടരുടെ അറിവോടുകൂടിയാണോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഉത്തരം ആവശ്യമില്ല.

(ഇ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മുദ്രവെക്കാത്ത പന ചെത്തിയെന്ന കാരണത്തിന്മേൽ ചിറവൂർ താലൂക്കിൽ ഒരു കേസുപിടിച്ചു ചാജ്ജ് ചെയ്തിട്ടുണ്ടോ ?

മിസ്റ്റർ സി. ജെ. മാത്യു: അങ്ങിനെ ഒരു കേസു ചാജ്ജുചെയ്തിട്ടില്ലെന്നാണ് എക്സൈസ് കമ്മീഷണർ പറയുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരു കേസ് പിടിച്ചു ചാജ്ജുചെയ്തിട്ടുണ്ടു്. അതെനിക്കറിയാം.

മിസ്റ്റർ സി. ജെ. മാത്യു: എക്സൈസ്സ് കമ്മീഷണരുടെ റിപ്പോർട്ട് അങ്ങിനെ യാതൊരുകേസ്സും ചാജ്ജ് ചെയ്തിട്ടില്ലെന്നാണു്.

EXEMPTION FROM TOLL—OFFICERS OF THE AGRICULTURE AND PANCHAYAT DEPARTMENTS

140. Mr. M. Krishna Menon *(Trichur-North):* Will Government be pleased to state.—

(*a*) whether they are aware of a question tabled but not reached in the last meeting of the Council in regard to the exemption of toll duty of officers of the Agriculture and Panchayat departments;

(*b*) any action has been taken in view of the assurance given by the Government during the last Budget Session to exempt those officers from paying toll and ferry duties ?

Mr. I. Madhava Panicker *(Joint Secretary to Government):* (*a*) Yes.

(*b*) The matter is under consideration.

Mr. M. Krishna Menon *(Trichur-North):* Do not the Government think that in the interests of the mighty food production drive these officers should be exempted from toll?

Mr. I. Madhava Panicker *(Joint Secretary to Government):* Government are considering the question.

SALE OF GRAINS TO PERSONS WITHOUT RATION CARDS—PARTICULARS OF

141. മിസ്റ്റർ സി. കെ. നായർ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) റേഷൻപ്രകാരം കിട്ടുന്നതിലും കൂടുതലായി ബ്രൂ, ഗോതമ്പു് മുതലായവ ന്യായവില ഷാപ്പുകളിൽനിന്നും ലൈസൻസ് പീടികകളിൽനിന്നും വാങ്ങുവാൻ ആരെങ്കിലും അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻകാർഡു ഇല്ലെങ്കിലും ആവശ്യപ്പെടുന്നവർക്കു് ഒരിക്കൽ രണ്ടിടങ്ങഴി ഗോതമ്പുവീതം കൊടുക്കാൻ ചിറവൂർ താലൂക്കിലെ ന്യായവില പീടികകൾക്കു കല്പന കൊടുത്തിട്ടുണ്ടോ;

(സി) മറ്റു താലൂക്കുകളിൽ ഈ കല്പന എന്തുകൊണ്ടു് കൊടുത്തിട്ടില്ല ?

റാവുസാഹിബ് എം. എം. പോൾ:

(എ) ചിലർ ആവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) എല്ലാ താലൂക്കുകളിലേക്കും കൊടുത്തിട്ടുണ്ടു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know what is the difference in the quantity ?

Rao Sahib M. M. Paul *(Director of Food Supplies):* Total quantity fixed per month.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ചോദ്യം (ബി) യിൽ ഒരിക്കൽ ചോദിച്ചാൽ രണ്ടു ഇടങ്ങഴി ഗോതമ്പുവീതം കൊടുക്കുമെന്നു പറഞ്ഞിട്ടുണ്ടു്. അതെല്ലാദിവസവും ചോദിച്ചാൽ കൊടുക്കുമൊ ?

റാവുസാഹിബു് എം. എം. പോൾ: ഒരാഴ്ചയിലൊരിക്കൽ, ഒരു മാസത്തിൽ വ ഇടങ്ങഴി കൊടുക്കാമെന്നുവെച്ചിട്ടുണ്ടു്.

REPORT OF THE FOODGRAINS POLICY COMMITTEE

142. Mr. K. Narayana Menon *(Mulakunnathukavu):* Will Government be pleased to state. —

(*a*) whether they have noticed the report of the "Foodgrains Policy Committee" presided

LIBRARY ARCHIVES Kerala Legislative Assembly